ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണത്തിന് പുതിയ പദ്ധതി

137 (2615) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. എ. വാഹീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെകീഴിലുള്ള ഇൻഷ്വറൻസ് സ്കീമുകളുടെ നവീകരണത്തിനായി ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ എന്തൊക്കെ ശുപാർശകൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഇനിയും എന്തൊക്കെ നിർദ്ദേശങ്ങളാണ് പ്രാവർത്തികമാക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ ഇൻഷ്വറൻസ് ഉല്പന്നങ്ങളിലൂടെ സംസ്ഥാനത്തെ ഇൻഷ്വറൻസ് ബിസിനസിൽ ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ അധിക വരുമാനം നേടാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഈ ലക്ഷ്യം കൈവരിക്കാനാകുമോ ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ഇൻഷ്വറൻസ് പദ്ധതികളുടെ നവീകരണത്തിനുൾപ്പടെയുള്ള നിരവധി ശുപാർശകൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐ.സി.എ.ഐ.) നൽകിയ ഇടക്കാല റിപ്പോർട്ടിൽ ഉണ്ട്. ലൈഫ് ഇൻഷ്വറൻസ് ബ്രാഞ്ചിലും ജനറൽ ഇൻഷ്വറൻസ് ബ്രാഞ്ചിലും സർക്കാർ ജീവനക്കാർക്കും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി പുതിയ ഇൻഷ്വറൻസ് ഉൽപ്പന്നങ്ങൾ പുറത്തിറക്കുക എന്നതായിരുന്നു പ്രധാന ശുപാർശകളിലൊന്ന്. ഇത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ അക്കൗണ്ടുകൾ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനും വകുപ്പിനെ സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള ശുപാർശകളും ഐ.സി.എ.ഐ. നൽകിയിട്ടുണ്ട്. ഈ രണ്ട് പ്രവർത്തനങ്ങളും വകുപ്പിൽ പുരോഗമിച്ച് വരുന്നു.

(ബി) വകുപ്പിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ലൈഫ് ബ്രാഞ്ചിൽ സർക്കാർ ഉത്തരവായിട്ടുള്ള 'ധനവർഷ', 'ധനസമൃദ്ധി' എന്നീ പുതിയ ഉൽപ്പന്നങ്ങൾ ജീവനക്കാരുടെ ഇടയിൽ നടപ്പാക്കേണ്ടതുണ്ട്. എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിൽ നിർബന്ധ വരിസംഖ്യ ഒടുക്കേണ്ട മുഴുവൻ ജീവനക്കാരെയും അംഗങ്ങളാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയ ഉൽപ്പന്നങ്ങൾവഴിയും എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിർബന്ധമാക്കിയും 100 കോടിയിലധികം രൂപയുടെ വരുമാന വർദ്ധനവുണ്ടാക്കുന്നതിനാണ് ശ്രമിക്കുന്നത്. പുതിയ ഇൻഷ്വറൻസ് പദ്ധതികളായ ധനവർഷ, ധനസമൃദ്ധി എന്നിവ 11/2010-ൽ മാത്രമാണ് പുറത്തിറക്കിയിട്ടുള്ളത്. ആയതിനാൽ അടുത്ത സാമ്പത്തിക വർഷം പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly